## എക്സൈസ് വകുപ്പിന്റെ 'റെഡ് അലർട്ട്' പ്രഖ്യാപനം

75 (5005) ശ്രീ. എ. എ. അസീസ് :
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്സൈസ് വകുപ്പ് 'റെഡ് അലർട്ട്' പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എന്നുമുതലാണ് 'റെഡ് അലർട്ട്' പ്രഖ്യാപിച്ചത് ; പ്രഖ്യാപിക്കാനുണ്ടായ സാഹചര്യം എന്താണ് ;

(സി) 'റെഡ് അലർട്ട്' പ്രഖ്യാപിച്ചാൽ എന്തൊക്കെ അടിയന്തര നടപടികളാണ് വകുപ്പ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) ഉണ്ട്.

(ബി) 6-4-2014 മുതൽ സംസ്ഥാനത്ത് നിരവധി ബാറുകൾ ഉൾപ്പെടെയുള്ള മദ്യവിൽപ്പനശാലകൾ അടഞ്ഞുകിടക്കുന്ന സാഹചര്യത്തിൽ എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായാണ് 'റെഡ് അലർട്ട്' പ്രഖ്യാപിച്ചത്.

(സി) പൊതുജനങ്ങളിൽനിന്നും വിവരം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുന്നതിനുമായി എക്സൈസ് കമ്മീഷണറേറ്റിലും ജില്ലാ, താലൂക്ക് തലങ്ങളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ ആരംഭിക്കുകയും അതിർത്തി പ്രദേശങ്ങളിൽ രാത്രികാല പട്രോളിംഗ് ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ചെക്ക് പോസ്റ്റുകൾ ശക്തിപ്പെടുത്തി, അതുവഴി കടന്നുവരുന്ന വാഹനങ്ങൾ കൃത്യമായി പരിശോധന നടത്തുന്നുണ്ട്. കൂടാതെ ദേശീയ പാതകളിലും അതിർത്തി പ്രദേശങ്ങളിലെ റോഡുകളിലും കർശന വാഹന പരിശോധന നടത്തുന്നുണ്ട്. സംസ്ഥാനത്തെ എല്ലാ എക്സൈസ് റേഞ്ച്/സർക്കിൾ ഓഫീസുകളുടേയും പ്രവർത്തനം ശക്തിപ്പെടുത്തി എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തിയിട്ടുണ്ട്. ജില്ലകളിൽ സ്ട്രൈക്കിംഗ് ഫോഴ്സും പ്രവർത്തിക്കുന്നുണ്ട്.

## അനധികൃത ലഹരി ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനവും വിപണനവും തടയുന്നതിനായി നടപടി

76 (5006) ശ്രീ. വർക്കല കഹാർ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അനധികൃത ലഹരി ഉല്പന്നങ്ങളുടെ ഉല്പാദനവും വിപണനവും തടയുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എക്സൈസ് ഉദ്യോഗസ്ഥരുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി കൃത്യമായ ഇടവേളകളിൽ ഉന്നത ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചു ചേർക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) ഇതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) അനധികൃത ലഹരി ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനവും വിപണനവും തടയുന്നതിനായി ശക്തമായ എൻഫോഴ്സ്മെന്റ് നടത്തിവരുന്നു. ഇതിന്റെ ഫലമായി ഈ വർഷം മെയ് 31 വരെ 5358 അബ്കാരി കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. നിരവധി ബാറുകൾ അടഞ്ഞുകിടക്കുന്ന സാഹചര്യത്തിൽ വ്യാജവാറ്റ്, അനധികൃത മദ്യവിൽപ്പന, സ്പിരിറ്റ് കള്ളക്കടത്ത് എന്നിവ ഫലപ്രദമായി തടയുന്നതിനായി എക്സൈസ് വകുപ്പിന്റെ പ്രവർത്തനം 'റെഡ് അലർട്ടായി' പ്രഖ്യാപിച്ച് നടപടി സ്വീകരിച്ചിട്ടുണ്ട്. പൊതുജനങ്ങളിൽനിന്നും വിവരം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുന്നതിനുമായി എക്സൈസ് കമ്മീഷണറേറ്റിലും ജില്ലാ, താലൂക്ക് തലങ്ങളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ ആരംഭിക്കുകയും, അതിർത്തി പ്രദേശങ്ങളിൽ രാത്രികാല പട്രോളിംഗ് ശക്തിപ്പെടുത്തിയിട്ടുമുണ്ട്. ചെക്ക് പോസ്റ്റുകൾ ശക്തിപ്പെടുത്തി, അതുവഴി കടന്നുവരുന്ന വാഹനങ്ങൾ കൃത്യമായി പരിശോധന നടത്തുന്നുണ്ട്. കൂടാതെ ദേശീയ പാതകളിലും അതിർത്തി പ്രദേശങ്ങളിലെ റോഡുകളിലും കർശന വാഹനപരിശോധന നടത്തുന്നുണ്ട്.

(ബി&സി) എല്ലാ മാസവും രണ്ടാമത്തെ പ്രവൃത്തി ദിനത്തിൽ ജില്ലാ അധികാരികളായ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ, ജില്ലകളിലെ എക്സൈസ് ഓഫീസർമാരുടെ യോഗം വിളിച്ചുചേർത്ത് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ മാസാവലോകനം നടത്താറുണ്ട്. കൂടാതെ ജില്ലയിലെ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാർ, എല്ലാ മാസവും ഓഫീസർമാരുടെ വൈവാര കോൺഫറൻസ് വിളിച്ചുചേർത്ത് എൻഫോഴ്സ്മെന്റ് പ്രവർത്തനം വിലയിരുത്താറുണ്ട്. ജോയിന്റ് എക്സൈസ് കമ്മീഷണർ എല്ലാ മാസവും ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ, അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ എന്നിവരുടെ യോഗം വിളിച്ചുചേർത്ത് അതാത് മേഖലയുടെ എൻഫോഴ്സ്മെന്റ് പ്രവർത്തനം വിലയിരുത്താറുണ്ട്. എക്സൈസ് എൻഫോഴ്സ്മെന്റിന്റെ ചുമതലയുള്ള അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) ജില്ലകൾ സന്ദർശിച്ച് എൻഫോഴ്സ്മെന്റ് പ്രവർത്തനം അവലോകനം ചെയ്യുന്നുണ്ട്. കൂടാതെ മന്ത്രിതലത്തിൽ ഉന്നത എക്സൈസ് ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുചേർത്ത് എൻഫോഴ്സ്മെന്റ് പ്രവർത്തനം അവലോകനം ചെയ്യാറുണ്ട്.

ബിവറേജസ് വരുമാന വർദ്ധനവ്

77 (5007) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

418 ബാറുകൾ അടച്ചുപൂട്ടിയശേഷം ബിവറേജസ് വരുമാനത്തിൽ ശരാശരി മാസത്തിൽ എത്ര കോടി രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; ഇതു സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

418 ബാറുകൾ അടച്ചുപൂട്ടിയശേഷം മദ്യവിൽപ്പനയിൽ ശരാശരി ഒരുമാസം 62.50 കോടി രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഇതിൽ 2013 ഏപ്രിൽ/മേയ് മാസങ്ങളിൽ യഥാക്രമം 822 കോടി രൂപയുടെയും 828 കോടി രൂപയുടെയും 2014 ഏപ്രിൽ/മേയ് മാസങ്ങളിൽ യഥാക്രമം 881 കോടി രൂപയുടെയും 894 കോടി രൂപയുടെയും മദ്യം വിൽപ്പന നടന്നു.

## മാവേലിക്കര താലൂക്ക് എക്സൈസ് ഓഫീസിന് സ്വന്തമായി കെട്ടിടം

78 (5008) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര താലൂക്കിലെ എക്സൈസ് ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടമില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എക്സൈസ് ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) ഇതിലേക്കായി വകുപ്പുതല നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോ ; ഫയൽ നമ്പർ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ്വീകരിക്കും. മാവേലിക്കര എക്സൈസ് സർക്കിൾ ഓഫീസ്, റേഞ്ച് ഓഫീസ് എന്നിവ ഇപ്പോഴും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിനാൽ ടി ആഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് മാവേലിക്കര താലൂക്കിൽ തഴക്കര വില്ലേജിൽ ബ്ലോക്ക് നമ്പർ 5-ൽ റീസർവ്വെ 30/7-ൽപ്പെട്ട 11.25 ആർസ് റവന്യൂ പുറമ്പോക്ക് ഭൂമി എക്സൈസ് വകുപ്പിന് കൈമാറുന്നതിനുള്ള ഉത്തരവ് ലഭിക്കുന്നതിനായി ലാന്റ് റവന്യൂ കമ്മീഷണർ 21-7-2012-ൽ സർക്കാരിൽ ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

(സി) തിരുവനന്തപുരം ലാന്റ് റവന്യൂ കമ്മീഷണർ ആഫീസിലെ ഫയൽ നമ്പർ എൽ.ആർ.(കെ)2. 7798/12-ഉം എക്സൈസ് കമ്മീഷണർ ആഫീസിലെ ഫയൽ നമ്പർ എക്സ്.എം-7-12426/10-ഉം ആലപ്പുഴ എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർ ആഫീസിലെ ഫയൽ നമ്പർ എ5-3649/09-ഉം ആണ്.

LIBRARY ARCHIVES Kerala Legislative Assembly